# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ – T 5835**      **07.07.2014- ലെ മറുപടിക്ക്**

## കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പെർട്ട്സ് ഓഫ് ഡവലപ്മെന്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എ. എ. അസീസ്:**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ:** | **ശ്രീ. കെ. സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)** |
| **(എ)** ''കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഓഫ് ഡവലപ് മെന്റ്'' എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എന്നാണ് രൂപീകരിച്ചതെന്ന് വ്യക്തമാക്കുമോ; | **(എ)** കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഫോർ ഡവലപ്മെന്റ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| **(ബി)** ഈ കമ്പനിയുടെ നടത്തിപ്പ് ചുമതല ആർക്കൊക്കെയാണെന്ന് വിശദമാക്കുമോ; | **(ബി)** ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ കീഴിലായിരിക്കും കമ്പനി പ്രവർത്തിക്കുക. കമ്പനിയുടെ നടത്തിപ്പിന് മൂന്നിൽ കുറയാതെയും ഒൻപതിൽ അധികരിക്കാതെയുമുള്ള ഡയറക്ടർമാർ അടങ്ങിയ ബോർഡ് ഉണ്ടായിരിക്കുന്നതാണ്. സാമൂഹ്യ പ്രതിബദ്ധതയും ദീർഘവീക്ഷണവും സർഗശേഷിയും ഉള്ള വിരമിച്ച ഒരാളെ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി ഡയറക്ടർ ബോർഡ് നിയമിക്കും. |

(സി) കമ്പനിയുടെ പ്രവർത്തനം എന്താണെന്ന് വിശദമാക്കുമോ;

(സി) വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കമ്പനി രൂപീകരിച്ച് അവരുടെ വിദഗ്ദ്ധ സേവനം വിവിധ വികസന മേഖലകളിൽ ഉപയോഗപ്പെടുത്തി കേരളത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം. കേന്ദ്ര/ സംസ്ഥാന സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതരസംഘടനകൾ തുടങ്ങി ഏതു മേഖലയിലും ഇവരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. പുതിയ മേഖലകളിലെ സാദ്ധ്യതകളും നവീന ആശയങ്ങളും കണ്ടെത്തി അതിൽ ഇടപെടുക വഴി സേവനമേഖല കൂടുതൽ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

(ഡി) ഈ കമ്പനിയിലേക്ക് റിട്ടയർ ചെയ്ത വിദഗ്ധരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ?

(ഡി) സേവന കാലയളവിൽ ആർജിച്ചിട്ടുള്ള വൈദഗ്ധ്യത്തിനു പുറമേ കമ്പനി നിയമാവലിക്ക് അനുസൃതമായി ജോലി ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവരെയാണ് ഇതിനു വേണ്ടി പരിഗണിക്കുക. വിശദമായ ഒരു ചോദ്യാവലിയെ അടിസ്ഥാനമാക്കി ഒരു വിദഗ്ധ സ്ക്രീനിംഗ് കമ്മിറ്റി വിലയിരുത്തിയതിനുശേഷമായിരിക്കും ആൾക്കാരെ തെരഞ്ഞെടുക്കുന്നത് കൂടാതെ ക്ലൈയന്റിന്റെ ഫീഡ്ബാക്ക് അനുസരിച്ചായിരിക്കും തെരഞ്ഞെടുക്കുന്ന ആൾ തുടരണോ വേണ്ടയോ എന്ന് തീരുമാനിക്കുക.

സെക്ഷൻ ഓഫീസർ.